LIBRARY ARCHIVES Kerala Legislative Assembly

വ്യാധി പ്രതിരോധ ക്യാമ്പെയിനുകൾ നടത്തി. മഴക്കാല പൂർവ്വശുചീകരണവും നടന്നുവരുന്നു. കൂടാതെ രോഗം എവിടെയെങ്കിലും പൊട്ടിപ്പുറപ്പെട്ടാൽ ദ്രുതകർമ്മ സേന ഇടപെട്ട് നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നു.

(ബി) മാലിന്യ നിർമ്മാർജ്ജനം, കൊതുകുകളുടെ ഉറവിടം ആകാൻ സാധ്യതയുള്ള ദ്രവിക്കാത്ത മാലിന്യങ്ങളുടെ നിർമ്മാർജ്ജനം, കടിവെള്ളം അണുവിമുക്തമാക്കൽ തുടങ്ങിയ ശുചീകരണ പ്രർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ആരോഗ്യവകുപ്പ്, ജലവിഭവ വകുപ്പ് തുടങ്ങിയവയുടെ യോജിച്ചുള്ള പ്രവർത്തനംവഴി നടപ്പിലാക്കിവരുന്നു. കൂടാതെ പകർച്ചവ്യാധി പ്രതിരോധ ക്യാമ്പെയിനുകളും നടപ്പിലാക്കുന്നുണ്ട്. എന്നിരുന്നാലും വേനലിൽ പെയ്ത മഴയും ജനങ്ങളുടെ ജീവിതശൈലി ഉൾപ്പെടെയുള്ള ഘടകങ്ങളും പകർച്ചവ്യാധി പ്രതിരോധം ദുഷ്കരമാക്കുന്നു.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ആരോഗ്യ വകുപ്പ് തുടങ്ങിയവ പ്രത്യേകം പ്രത്യേകമായും സംയുക്തമായും മഴക്കാല പൂർവ്വ ശുചീകരണം നടപ്പിലാക്കിവരുന്നു. മറ്റ് വകുപ്പുകളും സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും, കുടുംബശ്രീ, അംഗൻവാടി, ആശാ പ്രവർത്തകരും വാർഡുതല ആരോഗ്യ ശുചിത്വ സമിതികളും ശുചീകരണ പ്രവർത്തനം ചെയ്തു വരുന്നുണ്ട്.

മഴക്കാലവുമായി ബന്ധപ്പെട്ട പകർച്ച വ്യാധികൾ നേരിടുന്നതിനുള്ള മരുന്നുകൾക്ക് മാർച്ച് മാസത്തോടുകൂടിത്തന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിവിധ കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും മരുന്നുകളുടെ ലഭ്യത എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.

വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട്

10 (*70) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാരവകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ വൻ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ

പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾക്ക് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ്, പദ്ധതി നടപ്പാക്കാനെടുത്ത സമയം എന്നിവയിലും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ വിനോദ സഞ്ചാരരംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പട്ടികജാതി-പിന്നാക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ & ബി) 2008-2009 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ 4 പദ്ധതികൾ ഇന്ത്യാ ടൂറിസം അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയ 'ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് കേരള കലാമണ്ഡലം ആസ് എ കൾച്ചറൽ ടൂറിസം ഡെസ്റ്റിനേഷൻ', 'ഡെവലപ്മെന്റ് ഓഫ് അഷ്ടമുടി ക്രൂസ് സർക്യൂട്ട് ' എന്നീ പദ്ധതികളെ സംബന്ധിച്ച പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണ്.

(സി) ഇല്ല.

ജൻ ഔഷധ സെന്ററുകൾ

11 (*71) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ കേരളത്തിൽ ജൻ ഔഷധ സെന്ററുകൾ ആരംഭിക്കുമെന്ന് കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പ് മന്ത്രി എച്ച്. എൻ. അനന്തകുമാർ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly